# 'ഫാബ്രിക്കേറ്റഡ്'
## ഡോക്യുമെന്ററി പ്രകാശനവും ചർച്ചയും

**റിയാദ്:** അബ്ദുന്നാസിർ മഅ്ദനിയടക്കം ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്ന അന്യായ തടവുകാർക്ക് നേരെ ഭരണകൂടം കെട്ടിച്ചമക്കുന്ന വ്യാജകേസുകളുടെ യാഥാർഥ്യം തുറന്നുകാട്ടുന്ന 'ഫാബ്രിക്കേറ്റഡ്' എന്ന ഡോക്യുമെന്ററിയുടെ റിയാദിലെ പ്രകാശനം കിംഗ് സുഊദ് യൂനിവേഴ്സിറ്റി പ്രഫസർ ഡോ: യൂസഫ്, *മാധ്യമം* ലേഖകൻ നജീം കൊച്ചുകലുങ്കിനു കോപ്പി നൽകിക്കൊണ്ട് നിർവഹിച്ചു. ഡോക്യുമെന്ററിയുടെ പ്രകാശനത്തോടനുബന്ധിച്ചു യൂത്ത് ഇന്ത്യ റിയാദ് ചാപ്റ്റർ സംഘടിപ്പിച്ച ചർച്ചയിൽ സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവർ പങ്കെടുത്തു. ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്ന എൺപതിനായിരത്തിലധികം വരുന്ന അന്യായ തടവുകാരുടെ മോചനത്തിനായി മാനവിക ഐക്യനിര കെട്ടിപ്പടുക്കണമെന്നു ചർച്ചയിൽ സംസാരിച്ചവർ ഏക സ്വരത്തിൽ ആവശ്യപ്പെട്ടു.

കേറിക്കിടക്കാനൊരു കൂര കെട്ടുവാൻ ഭൂമി ചോദിക്കുന്ന ആദിവാസികളടങ്ങുന്ന അടിസ്ഥാനവർഗത്തെ കോർപ്പറേറ്റുകളുടെ താൽപര്യസംരക്ഷണത്തിനായി മാവോവാദികളും തീവ്രവാദികളുമാക്കുന്ന ഭരണകൂട നടപടികളെ ചെറുത്ത് നീതിയുടെ സംരക്ഷണത്തിനായി മതേതര കൂട്ടായ്മകൾ ഉണ്ടാവണമെന്ന് നവോദയ എക്സിക്യൂട്ടീവ് അംഗം ഹനീഫ കൂട്ടായി അഭിപ്രായപ്പെട്ടു.

കീഴാള വർഗം നേരിടുന്ന അടിച്ചമർത്തലുകളുടെയും അവർക്ക് നേരെയുള്ള ഭരണകൂട ഭീകരതയുടെയും പച്ചയായ ആവിഷ്കാരമാണ് 'ഫാബ്രിക്കേറ്റഡ്' എന്ന ഡോക്യുമെന്ററിയിലൂടെ സംവിധായകൻ നിർവഹിച്ചിരിക്കുന്നതെന്നും, മഅ്ദനിയടക്കം അന്യായ തടവിൽ കഴിയുന്ന നിരപരാധികളുടെ പ്രശ്നം ആഗോളതലത്തിൽ തന്നെ ഒരു മനുഷ്യാവകാശ പ്രശ്നമായി ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കണമെന്നും കിംഗ് സുഊദ് യൂനിവേഴ്സിറ്റി പ്രഫസർ ഡോ: യൂസഫ് അഭിപ്രായപ്പെട്ടു.




*'ഫാബ്രിക്കേറ്റഡ്' ഡോക്യുമെന്ററി റിയാദിലെ പ്രകാശനം കിംഗ് സുഊദ് യൂനിവേഴ്സിറ്റി പ്രഫസർ ഡോ: യൂസഫ്, മാധ്യമം ലേഖകൻ നജീം കൊച്ചുകലുങ്കിനു കോപ്പി നൽകിക്കൊണ്ട് നിർവഹിക്കുന്നു*

ഒമ്പതര വർഷത്തെ അന്യായ തടങ്കലിന് ശേഷം നിരപരാധിയെന്ന് പ്രഖ്യാപിച്ചു വിട്ടയക്കപ്പെട്ട അബ്ദുന്നാസർ മഅ്ദനിയെ കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ തന്ത്രപൂർവം വീണ്ടും തടവിലാക്കുകയായിരുന്നെന്നു പി.സി.എഫ് പ്രതിനിധി അബ്ദുസ്സലാം ഓർമിപ്പിച്ചു.

രാഷ്ട്രീയ ജീർണതകൾക്കും ഭരണകൂട ഭീകരതക്കുമെതിരെയും, മൂലധന-സവർണ താൽപ്പര്യങ്ങൾക്കെതിരെയും ശബ്ദിച്ചതാണ് മഅ്ദനിയെ ഭീകരനാക്കുവാനുള്ള കാരണമെന്നും മഅ്ദനി ഒരു പ്രതീകം മാത്രമാണെന്നും മണ്ണിനും മനുഷ്യനും വേണ്ടി ശബ്ദിക്കുന്ന സകലർക്കു നേരെയും ഭരണകൂടം ഇത്തരം വ്യാജകേസുകളൊരുക്കി കാത്തിരിക്കുന്നുണ്ടെന്നും മാധ്യമം ലേഖകൻ നജീം കൊച്ചുകലുങ്ക് ചൂണ്ടിക്കാട്ടി.

വൈകാരികതക്കപ്പുറം വിവേകപൂർണമായ സമീപനങ്ങളിലൂടെ യാഥാർഥ്യങ്ങൾ ജനസമക്ഷം അവതരിപ്പിക്കുന്നതിലൂടെ മാത്രമേ ഭരണകൂട ഭീകരതയെ ചെറുക്കാനാവൂ എന്ന് തനിമ പ്രതിനിധി അംജത് അലി പറഞ്ഞു.

മഅ്ദനിയടക്കം ഇന്ത്യൻ ജയിലുകളിൽ കഴിയുന്ന അന്യായ തടവുകാർ നേരിടുന്ന പീഡനങ്ങളെ സമൂഹ സമക്ഷം തുറന്നുകാട്ടാൻ ഈ ഡോക്യുമെന്ററിക്ക് പരമാവധി പ്രചാരണം ലഭിക്കേണ്ടതുണ്ടെന്ന് മോഡറേറ്ററായിരുന്ന ബഷീർ രാമപുരം അഭിപ്രായപ്പെട്ടു.

ഷമീം ഖുർആനിന്റെ കാവ്യാവതരണം നടത്തി. ജസ്റ്റിസ് ഫോർ മഅ്ദനി ഫോറവും സോളിഡാരിറ്റി യൂത്ത് മൂവ്മെന്റും സംയുക്തമായി നിർമിച്ച ഡോക്യുമെന്ററി സംവിധാനം ചെയ്തിരിക്കുന്നത് കെ.പി.ശശിയാണ്.

# ആതുര സേവനത്തിൻെറ അതുല്യമാതൃകയായി പന്ത്രാമത് സൗജന്യ മെഡിക്കൽ ക്യാമ്പ്



*ദോഹയിൽ നടന്ന പന്ത്രണ്ടാമത് സൗജന്യ മെഡിക്കൽ ക്യാമ്പ് ഇന്ത്യൻ അംബാസഡർ സഞ്ജീവ് അറോറ ഉദ്ഘാടനം ചെയ്യുന്നു. ഉരീദു പി.ആർ ആൻറ് മാർക്കറ്റിംഗ് ഡയറക്ടർ ഫാതിമ സുൽത്താൻ റഷിദ് അൽകുവാരി, അബ്ദുൽ വഹാബ് അൽ മുസ്‌ലിഹ് (ഡെപ്യൂട്ടി മെഡിക്കൽ ഡയറക്ടർ, ഹമദ് മെഡിക്കൽ കോർപ്പറേഷൻ), നാസർ അബ്ദുല്ല അൽ ഉബൈദാൻ (എക്സിക്യൂട്ടീവ് ഡയറക്ടർ ഓഫ് എം.ഡീസ് ഓഫീസ്, പ്രൈമറി ഹെൽത്ത് കെയർ കോർപ്പറേഷൻ) തുടങ്ങിയവർ സമീപം.*

**ദോഹ:** ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള താഴ്ന്ന വരുമാനക്കാരായ പ്രവാസികൾക്കായി ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷനും ഇന്ത്യൻ ഡോക്ടേഴ്സ് ക്ലബ്ബും ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഖത്തർ ഘടകവും സംയുക്തമായി സംഘടിപ്പിച്ച പന്ത്രണ്ടാമത് സൗജന്യ മെഡിക്കൽ ക്യാമ്പ് ആതുരസേവന മികവ് കൊണ്ടും വർദ്ധിച്ച ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി. പ്രവാസി സമൂഹത്തിൻെറ വ്യത്യസ്ത തുറകളിലുള്ള ജനസഞ്ചയം രാവിലെ ആറ് മണി മുതൽ തന്നെ ക്യാമ്പിലേക്ക് ഒഴുകിയതോടെ ക്യാമ്പ് നടക്കുന്ന സലത്ത ജദീദിലെ താരിഖ് ബിൻ സിയാദ് ബോയ്സ് സെക്കൻഡറി സ്കൂൾ വിവിധ രാജ്യക്കാരായ സാധാരണക്കാരുടെ സംഗമഭൂമിയായി. പ്രവാസി ഇന്ത്യൻ സമൂഹത്തിൻെറ കൂട്ടായ്മയും സേവനസന്നദ്ധതയും വിളിച്ചോതുന്ന ഗൾഫ് മേഖലയിലെ തന്നെ ഏറ്റവും ബൃഹത്തും വിപുലവുമായ ജീവകാരുണ്യ പ്രവർത്തനത്തിൽ 170 ൽ പരം ഡോക്ടർമാരും 150 ഓളം പാരാമെഡിക്കൽ ജീവനക്കാരും 800 ൽ അധികം വളണ്ടിയർമാരുമാണ് സേവന സന്നദ്ധരായി

## യൂഗോ ചാവെസ് കാണിച്ചുതന്ന ഐക്യപാത മാതൃകാപരം: കെ. അജിത

**ദോഹ:** ആഗോളവൽക്കരണത്തിനും മുതലാളിത്തത്തിനും എതിരായ സമരപാതയിൽ യൂഗോ ചാവെസ് കാണിച്ചുതന്ന ഐക്യപാത മാതൃകാപരമാണെന്ന് അന്വേഷി പ്രസിഡന്റും സാമൂഹിക പ്രവർത്തകയുമായ കെ. അജിത അഭിപ്രായപ്പെട്ടു. 'അതിജീവനത്തിന്റെ ചാവെസ് മാതൃക' എന്ന തലക്കെട്ടിൽ യൂത്ത് ഫോറം ഖത്തർ ഹിലാലിലെ യൂത്ത് ഫോറം കോമ്പൗണ്ടിൽ സംഘടിപ്പിച്ച യൂഗോ ചാവെസ് അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. യൂഗോ ചാവെസും നജാദും കാസ്ട്രോയും അടക്കമുള്ളവർ നടത്തിയ മുന്നേറ്റങ്ങൾ ലോകത്ത് പ്രതിഫലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഈ മുന്നേറ്റത്തിന് ആര് നേതൃത്വം നൽകുമെന്നതാണ് ചോദ്യം. കേരളത്തിൽ അടുത്ത കാലത്ത് നടന്നുകൊണ്ടിരിക്കുന്ന സമരങ്ങളിലെല്ലാം മുൻനിരയിൽ നിൽക്കുന്നത് ചെറുസംഘങ്ങളോ പ്രാദേശിക കൂട്ടായ്മകളോ ആണ്. കാസർഗോഡ് എൻഡോസൾഫാൻ സമരത്തിലും പാലിയേക്കര സമരത്തിലും അടക്കം അത് ദൃശ്യമാണെന്നും അവർ ചൂണ്ടിക്കാട്ടി. അധികാര രാഷ്ട്രീയത്തിൽ ഇന്ത്യയിലെ ഇടതുപക്ഷം പ്രവേശിച്ചതോടെ അവരുടെ ആശയ അടിത്തറ തകർന്നു തുടങ്ങി. ഇന്ന് ഇന്ത്യ ഏതു പക്ഷം ഭരിച്ചാലും സാമ്പത്തിക നയങ്ങളിൽപോലും കാര്യമായ വ്യത്യാസം അനുഭവപ്പെടുന്നില്ല. ഇന്ത്യയിലെ ഇടത്പക്ഷം ചൈനയെ അടക്കം മാതൃകയാക്കിയതിന്റെ ദുരന്ത ഫലമാണ് ഇതെന്നും അവർ പറഞ്ഞു.

മതങ്ങളിൽനിന്നും രാഷ്ട്രീയ പാർട്ടികളിൽ നിന്നും ഐഡിയോളജി ചോർന്നുപോയതാണ് ഇന്നത്തെ ദുരവസ്ഥ എന്ന് തുടർന്ന് സംസാരിച്ച സാംസ്കാരിക പ്രവർത്തകൻ സി.ആർ മനോജ് അഭിപ്രായപ്പെട്ടു. നഷ്ടപ്പെട്ട ആത്മീയത



*കെ. അജിത സംസാരിക്കുന്നു*

ഉണ്ടായിരുന്നത്. സലത്ത താരിഖ് ബിൻ സിയാദ് ഇൻഡിപ്പെൻഡന്റ് ബോയ്സ് സെക്കന്ററി സ്കൂളിൽ നടന്ന ക്യാമ്പ് അയ്യായിരത്തിൽ കൂടുതൽ ആളുകൾ പ്രയോജനപ്പെടുത്തി.

ക്യാമ്പിന്റെ ഉദ്ഘാടനം ഇന്ത്യൻ അംബാസഡർ സഞ്ജീവ് അറോറ നിർവഹിച്ചു. മാനുഷിക നന്മകൾ വളർത്തിയെടുക്കാൻ അനുയോജ്യമായ ഏററവും നല്ല അവസരമാണ് ഇത്തരം ക്യാമ്പുകളെന്നും വിവിധ രാജ്യക്കാരും ഭാഷക്കാരും മതക്കാരും സംബന്ധിക്കുന്ന ഈ സംരംഭം ബഹുസ്വര സമൂഹത്തിന്റെ പരിഛേദമാണെന്നും അദ്ദേഹം പറഞ്ഞു. സമൂഹത്തിന് ഗുണകരമാവുന്ന ഏത് നീക്കത്തെയും ഇന്ത്യൻ എംബസി പിന്തുണക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



*പൊതുജനങ്ങൾക്കായി ഒരുക്കിയ പ്രഷർ ഷുഗർ പരിശോധന*

ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ പ്രസിഡന്റ് കെ.ടി അബ്ദുറഹ്മാൻ അധ്യക്ഷത വഹിച്ചു. ഖത്തറിൻെറ വളർച്ചയിൽ വലിയ പങ്ക് വഹിക്കുന്ന ഒരു സമൂഹത്തിൻെറ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സാധിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് ക്യാമ്പിൻെറ മുഖ്യപ്രായോജകരായ ഉരീദു പി.ആർ ആൻറ് മാർക്കററിംഗ് ഡയറക്ടർ ഫാത്വിമ സുൽത്താൻ റഷീദ് അൽകുവാരി പറഞ്ഞു. ഇന്ത്യൻ ഡോക്ടേഴ്സ് ക്ലബ് പ്രസിഡൻറ് ഡോ: കെ.പി നജീബ്, അബ്ദുൽ വഹാബ് അൽ മുസ്‌ലിഹ് (ഡെപ്യൂട്ടി മെഡിക്കൽ ഡയരക്ടർ, ഹമദ് മെഡിക്കൽ കോർപ്പറേഷൻ), നാസർ അബ്ദുല്ല അൽ ഉബൈദാൻ (എക്സ്ക്യൂട്ടീവ് ഡയരക്ടർ ഓഫ് എം.ഡീസ് ഓഫീസ്, പ്രൈമറി ഹെൽത്ത് കെയർ കോർപ്പറേഷൻ), ഫഹദ് ഉഖ്‌ല അൽ റുവൈലി (ഹെഡ് ഓഫ് കമ്മ്യൂണിററി അഫേഴ്സ്, ഫനാർ) എന്നിവരും ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. ഡോ: മുഹമ്മദ് അലി അൽ മഹമൂദ് (ഹെഡ് ഓഫ് ഫാർമസി പ്രൈമറി ഹെൽത്ത് കെയർ കോർപ്പറേഷൻ), ഹമദ് മുഹമ്മദ് ഷബീബ് അൽ മന്നാഇ (എം.ഡി താരിഖ് ബിൻ സിയാദ് ഇൻഡിപ്പെൻറഡ് സ്കൂൾ), ഖാലിദ് അഹമ്മദ് ഫഖ്റു (പി.ആർ മേധാവി ഖത്തർ ചാരിററി), തരുൺ ബസു (ഐ.സി.സി പ്രസിഡൻറ്), കരീം അബ്ദുല്ല (ഐ.സി.ബി.എഫ് പ്രസിഡൻറ്) എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചു. അസോസിയേഷൻ കൂടിയാലോചന സമിതി അംഗം താജ് ആലുവ സ്വാഗതവും ക്യാമ്പ് ജനറൽ കൺവീനർ വി.ടി ഫൈസൽ നന്ദിയും പറഞ്ഞു. അബ്ദുല്ല മൻസൂർ ഖുർആൻ പരായണം നടത്തി.

കാർഡിയോളജി, യൂറോളജി, ഓർത്തോപീഡിക്, ഡെൻറൽ, ഓഫ്ത്താൽമോളജി, ഡെർമറോളജി, റേഡിയോളജി തുടങ്ങിയ വിഭാഗങ്ങളിൽ നിന്നുളള വിദഗ്ധർ ഉൾപ്പെടെ 170 ൽ അധികം ഡോക്ടർമാർ ക്യാമ്പിൽ സംബന്ധിച്ചു. ഇവർക്ക് പുറമെ 150 ൽ അധികം പാരാമെഡിക്കൽ സ്റ്റാഫും സേവനനിരതരായി. ഹമദ് മെഡിക്കൽ വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകിയ ആരോഗ്യ ബോധവൽക്കരണ ക്ലാസും ഉണ്ടായിരുന്നു. ഖത്തർ ആഭ്യന്തര മന്ത്രാലായത്തിലെ റോഡ് സുരക്ഷ വിഭാഗം, ഗ്രീൻ ഖത്തർ, യൂത്ത് ഫോറം ഖത്തർ, ഫ്രണ്ട്സ് കൾച്ചറൽ സെൻറർ, സിജി ഖത്തർ, ഖത്തർ ട്രഡീഷനൽ എക്സിബിഷൻ, സ്റ്റുഡൻസ് ഇന്ത്യ എന്നിവർ ഒരുക്കിയ പ്രദർശനവും ആകർഷണീയമായി.

തിരിച്ചുപിടിക്കാൻ മതങ്ങളും ഐഡിയോളജി തിരിച്ചുപിടിക്കാൻ പാർട്ടികളും മുന്നോട്ടുവന്നാലേ ഒന്നിച്ചുള്ള മുന്നേറ്റങ്ങൾക്ക് പ്രസക്തിയുള്ളൂ. പുതിയ രാഷ്ട്രീയ മുന്നേറ്റങ്ങൾ ഉയർന്നുവരാൻ സാമ്രാജ്യത്വത്തെ വിറപ്പിച്ച ചാവെസിന്റെ ചോദ്യങ്ങൾ വീണ്ടും ഉന്നയിക്കപ്പെടണമെന്നും അദ്ദേഹം പറഞ്ഞു.

സാമ്രാജ്യത്വത്തിനെതിരെയുള്ള പ്രതിരോധം സാധ്യമല്ലെന്ന പൊതുബോധം വ്യാപകമായപ്പോൾ അതിനെ തകർത്തെറിയുന്ന തരത്തിലുള്ള പ്രതിരോധം സൃഷ്ടിച്ചെടുക്കുന്നതിൽ ചാവെസ് വിജയിച്ചതായി ഉപസംഹാരപ്രസംഗം നടത്തിയ ഐ.പി.എച്ച് ഡയറക്ടർ ടി.കെ ഫാറൂഖ് പറഞ്ഞു. ചാവേസിന്റെ പ്രചോദനം രാഷ്ട്രീയപ്രത്യയശാസ്ത്രത്തിൽനിന്ന് മാത്രമല്ലെന്നും മതദർശനങ്ങളിൽനിന്ന് കൂടിയാകാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

നാസർ മാസ്റ്റർ, പ്രദോഷ് എന്നിവർ സംസാരിച്ചു. ഫൈസൽ എടവനക്കാട് വിഷയാവതരണം നടത്തി. യൂത്ത് ഫോറം വൈസ് പ്രസിഡന്റ് എസ്.എ ഫിറോസ് പരിപാടി നിയന്ത്രിച്ചു. അഫ്സൽ എടവനക്കാട് നന്ദി പറഞ്ഞു.